## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 20          02.03.2020 ൽ മറുപടിയ്ക്ക്

## അവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനുള്ള നടപടി

ചോദ്യം
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. ഒ. ആർ. കേളു
ശ്രീ. ബി.സത്യൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ നയങ്ങളുടെയും നിലപാടുകളുടെയും ഫലമായി കഴിഞ്ഞ ആറു മാസത്തിനിടയിൽ പാചക വാതക വിലയിൽ 50 ശതമാനത്തോളം വർദ്ധനവുണ്ടാകുകയും ദിനംപ്രതി പെട്രോൾ-ഡീസൽ വില വർദ്ധിപ്പിക്കുകയും ചെയ്യുന്നത് ദുസ്സഹമായ വിധം ജീവിത ചെലവ് വർദ്ധിക്കുന്നതിനും വിലക്കയറ്റത്തിനും ഇടയാക്കിയിട്ടുള്ളതിനാൽ അവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | (എ) | നിരന്തരം ഉയരുന്ന ഇന്ധന വില , ചരക്ക് കൂലിയിലുണ്ടാവുന്ന വർദ്ധനവ് , കാലാവസ്ഥാ വ്യതിയാനം മൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നീ കാരണങ്ങളാൽ ചില അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ , വിപണി ഇടപെടൽ സംവിധാനം മുഖേന മാത്രമേ വില വർദ്ധവ് നിയന്ത്രണാധീനമാക്കുവാൻ കഴിയുകയുള്ളൂ. സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ , വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ, വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ , ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ , ഗൃഹോപകരണ വില്പന എന്നീ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് വിപണി ഇടപെടൽ സംവിധാനം കാര്യക്ഷമമായി സപ്ലൈകോ മുഖേന നടന്നു വരുന്നു. |
| (ബി) | വർദ്ധിച്ച തോതിലുള്ള നാണ്യപ്പെരുപ്പത്തിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യോല്പന്നങ്ങളുടെ വിലക്കയറ്റം തടയാനുള്ള പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം എത്രത്തോളം ഫലപ്രദമാകുന്നുണ്ടെന്ന് വിശദീകരിക്കാമോ; | (ബി) | പൊതു വിപണിയിലെ ഭക്ഷ്യസാധനങ്ങളുടെ വില മുൻവർഷത്തെ വിലയുമായി താരതമ്യം ചെയ്തു വിലക്കയറ്റം തടയാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകുക, ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിലേക്ക് ഉപദേശം നൽകുക തുടങ്ങിയവയാണ് പ്രൈസ് മോണിറ്ററിങ് സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങൾ. സമീപ കാലത്തുണ്ടായ ഭക്ഷ്യോല്പന്നങ്ങളുടെ വിലക്കയറ്റം തടയുന്നതിന് പ്രൈസ് മോണിറ്ററിങ് സെൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) സവാളയുടെ അനിയന്ത്രിതമായ വിലക്കയറ്റം തടയുന്നതിനായി കേന്ദ്ര ഗവണ്മെന്റ് അയച്ച കത്തു പ്രകാരം സപ്ലൈകോ, ഹോർട്ടികോർപ്പ് എന്നീ ഏജൻസികളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | സവാളയുടെ ആവശ്യകതയുടെ അളവ് ശേഖരിച്ചു, ഇറക്കുമതി ചെയ്യുന്ന സവാള , ടി ഏജൻസികൾ മുഖേന വിതരണം ചെയ്യുന്നതാണെന്ന വിവരം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചു.<br><br>2) ഉള്ളി, പയർ, വെളുത്തുള്ളി എന്നിവയുടെ വിലയിൽ പെട്ടെന്ന് ഉണ്ടായ വർദ്ധനവ് തടയുന്നതിനായി കൺസ്യൂമർ ഫെഡ്, സപ്ലൈകോ തുടങ്ങിയ സ്ഥാപനങ്ങൾ നാഫെഡുമായി ബന്ധപ്പെട്ടു സെന്റർപൂളിൽ നിന്നും കൂടുതൽ സാധനങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>3) ശബരിമല സീസൺ സമയത്തും അല്ലാതെയുള്ള സമയത്തും തേങ്ങയുടെയും പച്ചക്കറിയുടെയും പഴവർഗങ്ങളുടെയും വിലകൾ നിയന്ത്രിക്കുവാനും ഒരേ സമയത്ത് ഒരേ സാധനങ്ങളുടെ വിലകളിലുണ്ടാകുന്ന വ്യത്യാസം നിയന്ത്രിക്കുന്നതിന് ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ, ഫുഡ് ഇൻസ്പെക്ടർമാർ തുടങ്ങിയവർ സംയുക്തമായി പരിശോധന നടത്തുന്നതിനും വിലവിവരം പ്രദർശിപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാനും വേണ്ട നിർദേശം നൽകിയിട്ടുണ്ട്.<br><br>ഇപ്രകാരം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുമ്പോൾ വില നിലവാരം കൃത്യമായി നിരീക്ഷിക്കുകയും വില നിയന്ത്രിക്കാൻ വേണ്ട നടപടികൾ പ്രൈസ് മോണിറ്ററിങ് സെൽ യഥാസമയം സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) | ഹോട്ടൽ ഭക്ഷണത്തെ ആശ്രയിക്കാൻ നിർ ബന്ധിതരാകുന്നവർക്ക് താങ്ങാവുന്ന വിലയ്ക്ക് ആഹാരം ലഭ്യമാക്കാൻ പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (സി) | വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം നൽകുന്നതിനായി സംസ്ഥാന സർക്കാർ 2017-18 ൽ "വിശപ്പ് രഹിത കേരളം - സുഭിക്ഷ" പദ്ധതി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഒരു നേരത്തെ ഭക്ഷണത്തിന് 20/- രൂപ നിരക്കിൽ ആദ്യമായി ആലപ്പുഴ ജില്ലയിലും തുടർന്ന് കോട്ടയം, തൃശ്ശൂർ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. പത്തനതിട്ട, കൊല്ലം എന്നീ ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിന് തുക അനുവദിച്ചിട്ടുള്ളതും പദ്ധതി നടപ്പിൽ വരുത്തുന്ന നടപടികൾ അവസാന ഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

**Section Officer Signed (True Copy)**